**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6502** **10-07-2024 - ൽ മറുപടിയ്ക്ക്**

**സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സിക്കിൾ സെൽ അനീമിയ രോഗം ബാധിച്ച ആദിവാസി ഗോത്ര ജനവിഭാഗങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ പ്രതിമാസം എത്ര തുകയാണ് നൽകുന്നത്; വിശദാംശം നൽകുമോ; | (എ) | **ഉണ്ട്. അരിവാൾ രോഗികൾക്ക് പ്രതിമാസം 2,500/- രൂപ നിരക്കിൽ സമാശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്.**<br><br>**വയനാട്, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം. 5 ജില്ലകളിലായി നിലവിൽ ആകെ 904 രോഗികൾ ഉണ്ട്. ഇത്തരം രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യ മരുന്നുകളും, പോഷകാഹാരവും വാങ്ങുന്നതിനായും പ്രതിമാസം 2,500/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ച് വരുന്നുണ്ട്.** |
| (ബി) | ഇപ്രകാരം എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; കഴിഞ്ഞ സാമ്പത്തിക വർഷം ഇതിനായി ചെലവഴിച്ച തുകയുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (ബി) | **നടപ്പ് സാമ്പത്തിക വർഷം 904 രോഗികൾക്ക് നിലവിൽ പ്രതിമാസം ധനസഹായം അനുവദിച്ചുവരുന്നുണ്ട്.**<br><br>**2023-24 സാമ്പത്തിക വർഷം അരിവാൾരോഗികൾക്ക് ധനസഹായം അനുവദിച്ചു നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പാലക്കാട് | 43,10,000 | 43,10,000 |
| 2 | മലപ്പുറം | 8,00,000 | 8,00,000 |
| 3 | കോഴിക്കോട് | 3,75,000 | 3,75,000 |
| 4 | വയനാട് | 1,43,65,000 | 1,43,65,000 |
| 5 | കണ്ണൂർ | 2,50,000 | 2,50,000 |
| | **ആകെ** | **2,01,00,000/-** | **2,01,00,000/-** |

സെക്ഷൻ ഓഫീസർ